**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4667.** **13.11.2019 ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി.അനിൽകുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ലഹരി വർജ്ജന മിഷനായ വിമുക്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലഹരിയുടെ വലയിലേക്ക് സ്കൂൾ കുട്ടികളെ കൊണ്ടുവരുവാൻ ഡ്രഗ്ഗ് മാഫിയകൾ ശ്രമിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിമുക്തി മിഷന്റെ പ്രവർത്തനം സജീവമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ | (ബി) | വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ 507 ഉം സ്കൂൾ തലത്തിൽ 3438 ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ. സ്കൂൾ ഡെവലപ്മെന്റ് കമ്മറ്റി എന്നിവയുമായി നിരന്തര ആശയ വിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി. എന്നിവയുമായി സഹകരിച്ച്കൊണ്ട് വിദ്യാർഥികൾക്കിടയിലും, |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.<br>വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വിമുക്തി സേന എന്ന പേരിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കൊല്ലം ജില്ലയിൽ വിമുക്തി മിഷൻ സംഘടിപ്പിച്ച ചടങ്ങിനോടനുബന്ധിച്ച് താൽക്കാലികമായി വിമുക്തി സേന രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ